3/12/21 24/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1149(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 6792/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 3**

ശ്രീ. വിജു പി.ബി.,
ടർണർ മെക്കാനിക്,
കെ.ബി.പി.എസ്, കാക്കനാട്. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റി,
കാക്കനാട് പി.ഒ., കൊച്ചി - 682 030.

2) അപ്പീൽ അധികാരി,
കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റി,
കാക്കനാട് പി.ഒ., കൊച്ചി - 682 030.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 12/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 12/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/06/2021, 22/07/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/06/2021, 26/7/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 (വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി - ഓഡിയോ |

## ഉത്തരവ്

ശ്രീ. വിജു പി.ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ഭാഗികമായി (ഒന്നിനു മാത്രം) മാത്രമാണ് മറുപടി നൽകിയിട്ടുള്ളതെന്നും തുടർന്ന് അപ്പീൽ നൽകി എന്നും ആയതിന് ലഭിച്ച മറുപടിയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ കൂടുതലായി ഒന്നുംതന്നെ നൽകുവാൻ സാധ്യമല്ല എന്നാണ് അറിയിച്ചിരുന്നതെന്നും ആയതിനാൽ

ഹർജിക്കാരൻ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ്.

2. 12/03/2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 2009 ജനുവരി 16-ാം തീയതി ജോലിയിൽ പ്രവേശിച്ച ശ്രീ. അനിൽകുമാർ എ.ബി, ശ്രീ.റഷീദ് ടി.ബി., ശ്രീ.വിജു പി.ബി., എന്നീ വ്യക്തികൾക്കു ജോലി ലഭിക്കുന്നതിലേക്കായി കെ.ബി.പി.എസ്. നടത്തിയ ടെസ്റ്റുകൾക്ക് (ഇന്റർവ്യൂ ഉൾപ്പെടെ) ലഭിച്ച മാർക്കുകൾ എത്രയെന്നും, ശ്രീ. അനിൽകുമാർ എ.ബി. നൽകിയിട്ടുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ വ്യക്തമായ ഫോട്ടോകോപ്പി നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.04.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിലെ രണ്ടാം ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരം നൽകിയില്ല എന്ന് ആരോപിച്ചാണ് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചത്. മേൽപ്പടി അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടികൾ പരിശോധിച്ചതിൽ, നിയമാനുസൃതവും കെ.ബി.പി.എസ്.ൽ ലഭ്യമായതും കൃത്യവുമായ മറുപടികളാണ് നൽകിയിരിക്കുന്നതെന്നും എന്നിരുന്നാലും വിവരാവകാശ നിയമത്തിലെ 11(1) വകുപ്പനുസരിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിനുള്ള അഭിപ്രായം അറിയിക്കുന്നതിനായി മൂന്നാം കക്ഷിക്ക് 20.4.2021 പ്രകാരം കത്ത് നൽകിയിരുന്നു എന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് 23.4.2021-ന് മൂന്നാം കക്ഷി വിസമ്മതം അറിയിച്ചിട്ടുണ്ടെന്നും ആയതിനാലാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ നിന്ന് വ്യത്യസ്തമായ മറുപടികൾ/രേഖകൾ ഒന്നും നൽകുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 12.3.2021-ന് നൽകിയ വിവരാവകാശ അപേക്ഷയിൽ 2 ചോദ്യങ്ങളാണ് ഉൾപ്പെട്ടിരുന്നതെന്നും രണ്ടാമത്തെ ചോദ്യത്തിൽ കെ.ബി.പി.എസ്. ൽ ജോലി ചെയ്യുന്ന മറ്റൊരു ജീവനക്കാരന്റെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത വിവരം വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ടതിനാലാണ് വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം പകർപ്പ് നൽകാതിരുന്നതെന്നും ഇതേ ആവശ്യം അപേക്ഷകൻ അപ്പീൽ മുഖേനയും ആവശ്യപ്പെട്ടപ്പോൾ, പ്രസ്തുത വിവരം മൂന്നാം കക്ഷിയെ സംബന്ധിച്ചുള്ളത് ആയതിനാലും വിവരാവകാശ നിയമത്തിന്റെ 11-ാം വകുപ്പ് അനുസരിച്ച് മൂന്നാം കക്ഷിയോട് അഭിപ്രായം ചോദിക്കുകയുണ്ടായി എന്നും മൂന്നാം

കക്ഷി വിസമ്മതം അറിയിച്ചതിനാലാണ് അപേക്ഷകന് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകാതിരുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ. അനിൽകുമാർ എ.സി. സമർപ്പിച്ച എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് വിവരാവകാശ നിയമപ്രകാരം നൽകിയില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. ആയത് നൽകുന്നതിൽ ശ്രീ. അനിൽകുമാർ എ.സി., വിസമ്മതം അറിയിച്ചതിനാലാണ് വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നൽകാതിരുന്നത് എന്ന എതിർകക്ഷികളുടെ മറുപടി അംഗീകരിക്കത്തക്കതല്ല. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് വ്യക്തിപരമായ വിവരമല്ല. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. അനിൽകുമാർ എ.ബി.യ്ക്ക് എതിർകക്ഷി സ്ഥാപനം ജോലി നൽകിയത് എന്നതിനാൽ ടി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് പൊതുരേഖയാണ്. ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us